## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

### പ്രവചന കാലയളവ് 10 .11.2022 മുതൽ 14.12.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 49/2022,(98) വെള്ളിയാഴ്ച | തീയ്യതി 09/12/2022 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 10.12.2022 | 11.12.2022 | 12.12.2022 | 13.12.2022 | 14.12.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 1 | 0.1 | 0.3 | 0.5 | 0.9 |
| ഉയർന്ന താപനില (°C) | 30 | 31 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 25 | 24 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 84 | 84 | 84 | 84 | 84 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 5 | 5 | 5 | 3 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 360 | 320 | 320 | 180 | 230 |
| മേഘ വ്യാപ്തി (ഒക്ടാ ) | 7 | 7 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരി മഴയ്ക്ക് സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ഡിസംബർ 10 | 2022 ഡിസംബർ 11 | 2022 ഡിസംബർ 12 | 2022 ഡിസംബർ 13 | 2022 ഡിസംബർ 14 |
|---|---|---|---|---|
| വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ |

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ :കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാൻ സാധ്യതയുള്ളതിനാൽ വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (മുണ്ടകൻ) | ബാക്ടീരിയൽ ഇല കരിച്ചിൽ | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണസും ചേർത്തു കലക്കി തളിക്കാവുന്നതാണ്. |
| തെങ്ങ് | ചെല്ലിക്കുത്ത് | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക, കൂമ്പിനു ചുറ്റുമുള്ള 2-3 ഇല കവിളുകളിൽ 45 ദിവസം കൂടുമ്പോൾ മണലും പാറ്റാഗുളികയും അല്ലെങ്കിൽ തുല്യ അളവ്മണലും വേപ്പിൻപിണ്ണാക്കും ചേർത്ത് ഇടുക. മണ്ട വൃത്തിയാക്കിയ ശേഷം 20ഗ്രാം കാർട്ടാപ്പ്ഹൈ ഡ്രോക്ലോറൈഡ് 4G / ഫിപ്രോനിൽ 0.3G / കാർബോസൽഫാൻ 6G എന്നിവയിലേതെങ്കിലും 200 ഗ്രാം മണലുമായി ചേർത്തു കൂമ്പിനു ചുറ്റുമുള്ള 2-3 ഇല കവിളുകളിൽ ഇടുക. വർഷത്തിൽ മൂന്നുപ്രാവശ്യം ചെയ്യാവുന്നതാണ്. മീൻ വല കൂമ്പോലക്കു ചുറ്റും കെട്ടുകയും ഇളക്കവിളിൽ ഇറക്കിവെക്കുകയും ചെയ്യുക. |
| വിവിധ വിളകളിൽ | ശലഭ പുഴുക്കൾ | വേപ്പിൻ കുരു സത്ത് 5 % [ നന്നായി പൊടിച്ച വേപ്പിൻ കുരു 50 ഗ്രാം കിഴി കെട്ടി ഒരു ലിറ്റർ വെള്ളത്തിൽ മുക്കി 12 മണിക്കൂർ വെക്കുക, ശേഷം കിഴി നന്നായി പലതവണ പിഴിഞ്ഞ്, പുറത്തു വരുന്ന വെള്ളം ക്ലിയർ ആകുന്ന വരെ പിഴിഞ്ഞെടുത്തത് ] തളിച്ച് കൊടുക്കാം; ബിവേറിയ ബസിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം; ക്ലോറാൻട്രാനിലിനിപ്പോൾ 18.5 SC മൂന്നു മില്ലി ലി. പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം. |

മത്സ്യ കൃഷി- കാർപ് മത്സ്യങ്ങളായ കട്‌ള, റോഹു, മൃഗാൾ, ഗ്രാസ് കാർപ്പ്, സിൽവർ കാർപ്പ്, കോമണ് കാർപ്പ് എന്നീ ഇനങ്ങളെ ശുദ്ധ ജലത്തിൽ ചെയ്യാവുന്നതാണ്. ഇത് കൂടാതെ തിലാപ്പിയ, അനാബസ്, ആസ്സാം വാള, കാരി, വരാൽ തുടങ്ങിയ മത്സ്യങ്ങളെയും ശുദ്ധജലത്തിൽ കൃഷി ചെയ്യാവുന്നതാണ്.